### കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം

## ജൈവവൈവിധ്യ സെമിനാർ/ശില്പ്പശാല/സിമ്പോസിയം – സാമ്പത്തിക സഹായത്തിനുള്ള മാർഗ നിർദ്ദേശങ്ങളും, നിബന്ധനകളും

---

1. സെമിനാർ /ശില്പ്പശാല/സിമ്പോസിയം എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ഭാഗിക സാമ്പത്തിക സഹായമാണ് ലഭ്യമാക്കുന്നത്.
2. ഏകദിന സെമിനാർ / ശില്പ്പശാല/സിമ്പോസിയം എന്നിവയ്ക്ക് 10000/- പതിനായിരം രൂപയും ദ്വിദിന സെമിനാർ /ശില്പശാല/സിമ്പോസിയം എന്നിവയ്ക്ക് 20000/- ഇരുപതിനായിരം രൂപയും ആണ് പരമാവധി ലഭിക്കുക.
3. ഒരു സ്ഥാപനത്തിൽ നിന്നും ഒരു പ്രൊപ്പോസൽ മാത്രമേ സ്വീകരിക്കു.
4. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പരിപാടികളാണ് ഉൾപ്പെടുത്തേണ്ടത്. (ജൈവവൈവിധ്യസംരക്ഷണവുമായി ബന്ധപ്പെട്ട ദിനാഘോഷങ്ങൾ /വാരാഘോഷങ്ങൾ/ ജൈവവൈവിധ്യവും കാലാവസ്ഥാ വ്യതിയാനവും, ജലം/ വായു/മണ്ണ് സംരക്ഷണം, അധിനിവേശ ജീവജാലങ്ങൾ, ആവാസവ്യവസ്ഥാ സംരക്ഷണം, കാലാവസ്ഥാ വ്യതിയാന കാലത്തെ വികസനം, ജൈവവൈവിധ്യ നിയമം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG's), കുൻമിംഗ്-മോൺട്രിയൽ ആഗോള (K-M GBF), Nature Based Solutions (NBS), Indigenous communities and biodiversity, Urban Biodiversity, Marine Biodiversity, Ecosystem Restoration, പി ബി ആർ/ബി. എം. സി പ്രവർത്തനങ്ങൾ മുതലായവ.)
5. അതത് പ്രദേശത്തെ പ്രാദേശിക ജൈവവൈവിധ്യ പ്രശ്നങ്ങൾ, സംരക്ഷണ ആവശ്യങ്ങൾ, വെല്ലുവിളികൾ എന്നിവ അഭിസംബോധന ചെയ്യുന്ന പരിപാടികൾക്ക് മുൻഗണന നൽകുന്നതാണ്: (പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രായോഗിക പരിഹാരങ്ങൾ, പ്രവർത്തന പദ്ധതികൾ, സംരക്ഷണ ഇടപെടലുകൾ എന്നിവ ചർച്ച ചെയ്യുന്നതും ബന്ധപ്പെട്ട ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി (BMC), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രാദേശിക സമൂഹങ്ങൾ, വിഷയവിദഗ്ധർ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതുമായ പരിപാടികൾക്ക് ആവശ്യമായ പരിഗണന നൽകുന്നതാണ്.)
6. പ്രസ്തുത പരിപാടിയുടെ Tentative programme Schedule ഉൾപ്പെടുത്തി വേണം അപേക്ഷ സമർപ്പിക്കേണ്ടത്.
7. പരിപാടിയുടെ ബ്രോഷർ, ബാനർ,പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിൻറെ പേരും, ലോഗോയും ഉൾപ്പെടുത്തേണ്ടതാണ്.
8. കെ.എസ്.ബി.ബി. ബോർഡ് അംഗങ്ങളെയോ, സംസ്ഥാനതല/ ജില്ലാതല ഉദ്യോഗസ്ഥരെയോ പരിപാടിയിൽ ഉൾപ്പെടുത്തുകയോ, വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്.
9. സംഘടിപ്പിക്കുന്ന പരിപാടിയിൽ ഏറ്റവും കുറഞ്ഞത് 50 പേരുടെയെങ്കിലും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതും, സ്ത്രീ പ്രാധിനിത്യം ഉറപ്പാക്കേണ്ടതുമാണ്.
10. പ്രസ്തുത പദ്ധതിയിൽ ദേശീയ സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ 10% റിസോഴ്സ് പേഴ്സൺമാരും, പങ്കെടുക്കുന്നവരും കേരളത്തിന് പുറത്തുനിന്നുള്ളവരായിരിക്കണം.

11. രണ്ട് ദിവസത്തെ പ്രോഗ്രാമിൽ കുറഞ്ഞത് 5 പ്രഭാഷണങ്ങൾ ഉറപ്പാക്കുകയും കുറഞ്ഞത് 100 പേരെ പങ്കെടുപ്പിക്കുകയും ചെയ്യേണ്ടതാണ്. പരിപാടിയുടെ ഭാഗമായി ഒരു ദിവസമോ അർദ്ധദിവസമോ ദൈർഘ്യമുള്ള ഫീൽഡ് സന്ദർശനം കൂടി ഉൾപ്പെട്ടുത്തേണ്ടതാണ്.
12. ഓരോ പ്രോഗ്രാമിലും, ജൈവവൈവിധ്യ നിയമം, റൂൾ എന്നിവ ഒരു സെഷൻ ആയി ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത സെഷനിൽ അതാത് പ്രദേശത്തെ ജൈവവൈവിധ്യ പരിപാലന സമിതി അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്.
13. ഓണറേറിയം, ബാനർ, ബ്രോഷർ, രജിസ്ട്രേഷൻ മെറ്റീരിയൽസ്, ലഘു ഭക്ഷണം, സർട്ടിഫിക്കറ്റ്, പരിപാടി സംബന്ധിയായ റിപ്പോർട്ട്/ബുക്ക്സ്/പ്രസിദ്ധീകരണങ്ങൾ/ ഫോട്ടോ ഡോക്യുമെൻറേഷൻ എന്നീ ഇനങ്ങൾക്കായി തുക വിനിയോഗിക്കാവുന്നതാണ്.
14. അപേക്ഷ സമർപ്പിക്കുന്ന സ്വാശ്രയ കോളേജുകൾ/ സന്നദ്ധ സംഘടനകൾ/റജിസ്റ്റേഡ് സംഘടനകൾ എന്നിവർ 3 വർഷത്തെ ഓഡിറ്റ് റിപോർട്ട് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കപ്പെടുന്നതാണ്.
15. പരിപാടിയുടെ ഫോട്ടോകൾ അടക്കമുള്ള റിപ്പോർട്ടും (Both hardcopy and Softcopy (in prescribed format/*Annexure-I*)), പങ്കെടുത്തവരുടെ രജിസ്ട്രേഷൻ വിവരങ്ങളും, ധനവിനിയോഗ സാക്ഷ്യപത്രവും (Utilization certificate & Statement of Expenditure), അക്കൗണ്ട് പാസ് ബുക്കിൻ്റെ ആദ്യ പേജിൻ്റെ പകർപ്പ് എന്നിവ പരിപാടി നടന്ന് 14 ദിവസത്തിനുള്ളിൽ ബോർഡിന് സമർപ്പിക്കേണ്ടതാണ്. തുടർന്ന് പ്രസ്തുത വിവരങ്ങൾ പരിശോധിച്ച ശേഷം പണം അക്കൗണ്ടിലേയ്ക്ക് നല്കുന്നതാണ്.

16. The above sanction is subject to the following further conditions:
    a. Tender/e-tender and other required formalities shall be followed wherever necessary.
    b. All purchases will be made subject to strict observance of Stores Purchase Rules
    c. For civil works PWD schedule of rates shall be followed.
    d. The funds releasing will be based on actual requirement.